(ബി) അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല. ഈ സ്കൂളുകളെ സംബന്ധിച്ചുള്ള പ്രാഥമിക വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

ആദിവാസി മേഖലയിൽ ഉള്ള സർക്കാർ വിദ്യാലയങ്ങൾ

209 [1609] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലയിൽ എത്ര സർക്കാർ വിദ്യാലയങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ എത്ര എൽ. പി., യു. പി. വിദ്യാലയങ്ങൾ ഉണ്ടെന്ന് പേര് സഹിതം വെളിപ്പെടുത്താമോ;

(ഡി) കണ്ണൂർ ജില്ലയിലെ ആദിവാസി മേഖലയായ നരിക്കോട് മല എൽ. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആൻറ് ബി) വ്യക്തമായ കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(സി) കണ്ണൂർ ജില്ലയിൽ സർക്കാർ മേഖലയിൽ 114 എൽ. പി. സ്കൂളുകളും 76 യു. പി. സ്കൂളുകളും എയ്ഡഡ് മേഖലയിൽ 609 എൽ. പി. സ്കൂളുകളും 280 യു. പി. സ്കൂളുകളും അൺ എയ്ഡഡ് മേഖലയിൽ 9 എൽ. പി. സ്കൂളുകളും 20 യു. പി. സ്കൂളുകളും ഉണ്ട്. സ്കൂളുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ഉച്ചക്കഞ്ഞി നൽകുന്ന സ്കൂളുകൾ

210 [1610] ശ്രീ. ജോർജ് ജെ. മാത്യു:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, കെ. മോഹൻ കുമാർ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ഉച്ചക്കഞ്ഞി നൽകുന്നുണ്ട്;

(ബി) ഏതെല്ലാം ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് ഉച്ചക്കഞ്ഞി നൽകുന്നത്;

(സി) ഈ ക്ലാസ്സുകളിൽ സംസ്ഥാനമൊട്ടാകെ ആകെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നു;

(ഡി) അവരിൽ എത്ര പേർക്ക് ഉച്ചക്കഞ്ഞി നൽകുന്നുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly